ലേഖനം

●

ഇബ്നു മുഹമ്മദ് വരിക്കോട്ടിൽ

# ബൈബിളും ഏകദൈവ വിശ്വാസവും

**കഴിഞ്ഞുപോയ** എല്ലാ പ്രവാചകന്മാരും ഏകനായ ദൈവത്തെയാണ് ലോകത്തിന് പരിചയപ്പെടുത്തിയത്. ആകാശവും ഭൂമിയും സൃഷ്ടിച്ച, എല്ലാ കഴിവുകളുടെയും ഉടമസ്ഥനായ, സർവാധിപതിയും അതുല്യനും അരൂപിയുമായ ഏകദൈവം. അവനല്ലാതെ മറ്റു ദൈവങ്ങളില്ലെന്നും അവന് തുല്യമായി യാതൊന്നും ഇല്ലെന്നും അവർ പഠിപ്പിച്ചു. ഇതുൾക്കൊള്ളാനും അംഗീകരിക്കാനും എല്ലാ മനുഷ്യരും ബാധ്യസ്ഥരാണ്. ഏകനായ സത്യദൈവത്തെ മാത്രം ആരാധിക്കുകയും അവന്റെ കൽപനകൾ പാലിക്കുകയും ചെയ്ത് ജീവിക്കുന്നവർ മാത്രമാണ് സത്യവിശ്വാസികൾ. അവരാണ് യഥാർഥത്തിൽ പ്രവാചകന്മാരെ അനുധാവനം ചെയ്യുന്നവരും ദൈവമതത്തിൽ നിലകൊള്ളുന്നവരും. ബൈബിളിലെ വചനങ്ങളും ഇതു തന്നെയാണ് പഠിപ്പിക്കുന്നത്.

സീനാ മലയുടെ താഴ്‌വരയിൽ വെച്ച് ദൈവം മോശാ പ്രവാചകന് (മൂസാനബി) നൽകിയ പത്ത് കൽപനകളിൽ ആദ്യത്തെ വചനം ഇങ്ങനെ വായിക്കാം:

"നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു. ഈജിപ്തുദേശത്തുനിന്ന് അടിമ ഭവനത്തിൽനിന്ന് നിന്നെ മോചിപ്പിച്ചുകൊണ്ടുവന്നവൻ ഞാനല്ലാതെ മറ്റു ദേവന്മാർ നിനക്കുണ്ടാവരുത്." (പുറപ്പാട്: 20:1-3).

ഇതേ ആശയം ആവർത്തന പുസ്തകം അഞ്ചാം അധ്യായത്തിൽ 6,7 വചനങ്ങളിലും കാണാം. ദൈവം അരുൾ ചെയ്തതായി യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ പറയുന്നത് നമുക്ക് വായിക്കാം. "ഞാനാണ് ആദിമനും അന്തിമനും. ഞാനല്ലാതെ ദൈവം ഇല്ല. എന്നെപ്പോലെ ആരുണ്ട്?" (യെശയ്യാ: 44:6) ഇനിയും കാണുക: "ഗർഭ പാത്രത്തിൽ വെച്ച് തന്നെ നിന്നെ രൂപപ്പെടു

ത്തിയ നിന്റെ വീണ്ടെടുപ്പുകാരനായ ദൈവം അരുൾ ചെയ്യുന്നു: ഞാനാണ് എല്ലാം സൃഷ്ടിച്ച ദൈവം, ഞാൻ തനിയെയാണ് ആകാശത്തെ നിവർത്തിയത്, ഞാൻ ഭൂമിക്ക് രൂപം നൽകിയപ്പോൾ ആരെങ്കിലും എന്റെ കൂടെ ഉണ്ടായിരുന്നോ?" (യെശയ്യാ: 44:24), "ഞാനല്ലാതെ മറ്റൊരു ദൈവമില്ല" (യെശയ്യാ 45:5). മോശയോട് ദൈവം അരുൾ ചെയ്തതായി ബൈബിളിൽ ഇങ്ങനെ കാണാം. "മുകളിൽ ആകാശത്തും താഴെ ഭൂമിയിലും കർത്താവ് തന്നെയാകുന്നു ദൈവം; മറ്റൊരു ദൈവം ഇല്ല" (ആവർത്തനം 4:39). ദാവീദി (ദാവൂദ് നബി)ന്റെ പ്രാർഥനാവചനങ്ങളിൽ ദാവീദ് ദൈവത്തോടിങ്ങനെ പറയുന്നു: "നീ അല്ലാതെ മറ്റൊരു ദൈവവുമില്ല, നിനക്ക് സദൃശ്യനായി ആരുമില്ല" (2 ശമുവേൽ 7:22). അതേപ്രകാരം ദാവീദിന്റെ പുത്രനായ സോളമന്റെ (സുലൈമാൻ നബി) പ്രാർഥനയിലും ഇതേ വചനം കാണാം (1 രാജാക്കന്മാർ 8:23).

ദൈവത്തിന്റെ ഏകത്വത്തെ സംബന്ധിച്ചും അവന് തുല്യമായി ആരുമില്ലെന്നും പറയുന്ന ബൈബിൾ വചനങ്ങൾ ധാരാളമുണ്ട്. ഉൽപത്തി 17:1, ആവർത്തനം 4:35, 6:4, 1 ശമുവേൽ 2:2, 2 ശമുവേൽ 22:32, സങ്കീർത്തനം 90:2, 2 ദിനവൃത്താന്തം 6:14, യെശയ്യാ 42:8, 45:14, 46:9, യോവൽ 2:27, യിരമ്യാ 10:6, 7,10 എന്നിവ അവയിൽ ചിലത് മാത്രം.

ഏകനായ സത്യദൈവത്തെ കുറിച്ച് പറയുന്ന ബൈബിൾ തന്നെ ആ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നും മറ്റു ദേവന്മാരെ ആരാധിക്കരുതെന്നും ഉദ്ബോധിപ്പിക്കുന്നു: "നിന്റെ ദൈവമായ കർത്താവിനെ ഭയപ്പെടണം, അവനെ സേവിക്കണം, അവന്റെ നാമത്തിൽ സത്യം ചെയ്യണം. മറ്റുദേവന്മാരുടെ പിന്നാലെ, ചുറ്റുപാടുമുള്ളവരുടെ ദേവന്മാരുടെ പിന്നാലെ നിങ്ങൾ പോവരുത്. മറിച്ചായാൽ നിന്റെ കർത്താവിന്റെ കോപം നിന്റെ നേരെ ജ്വലിക്കും" (ആവർത്തനം 6:13-15).

പ്രവാചകനെന്ന വ്യാജേന അത്ഭുതങ്ങൾ കാണിച്ചു ഒരാൾ പ്രത്യക്ഷപ്പെട്ട്, അയാൾ മറ്റു ദേവന്മാരിലേക്ക് നിന്നെ ക്ഷണിച്ചാൽ അയാളെ അനുഗമിക്കരുതെന്നും ഏകനായ സത്യദൈവത്തെ പൂർണഹൃദയത്തോടെ സ്നേഹിക്കണമെന്നും പരിപൂർണമായി അനുസരിക്കുകയും കൽപനകൾ പാലിക്കുകയും ചെയ്യണമെന്നും ആ ദൈവത്തെ ഭയപ്പെടണമെന്നും ആവർത്തന പുസ്തകത്തിൽ 13-ാം അധ്യായത്തിൽ 1 മുതൽ 5 വരെ വചനങ്ങൾ വ്യക്തമാക്കുന്നു. നിന്റെ സ്വന്തം സഹോദരനോ, മക്കളോ പ്രിയപ്പെട്ട ഭാര്യയോ, ആര് തന്നെ ആയാലും അവർ അന്യദേവന്മാരിലേക്ക് ക്ഷണിക്കുന്നവരെ കൊല്ലണമെന്ന് ആവർത്തനം 13:8-10 വചനത്തിലും കാണാം.

പ്രവാചകനായ യോശുവായുടെ പുസ്തകത്തിൽ ഇങ്ങനെ കാണാം: "അവരുടെ ദേവന്മാരുടെ നാമങ്ങൾ പരാമർശിക്കുകയോ അവരുടെ നാമത്തിൽ ആണയിടുകയോ അവരെ സേവിക്കുകയോ അവരുടെ മുമ്പിൽ നമസ്കരിക്കുകയോ അരുത്. നിങ്ങൾ ഇന്നോളം ചെയ്തതു പോലെ നിങ്ങളുടെ ദൈവത്തോട് പറ്റിച്ചേർന്ന് നിൽക്കുക" (യോശുവ 23:7,8)

ഈ വചനങ്ങളെല്ലാം ഏകനായ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന് സ്പഷ്ടമാക്കുന്നു. യേശു ക്രിസ്തു ഈ ദൈവത്തെയാണ് ആരാധിച്ചിരുന്നതും ഏകനായ സത്യദൈവത്തെ ആരാധിക്കാനാണ് ആഹ്വാനം ചെയ്തിരുന്നതും.

*** *** ***

"(ഓ നബീ) തീർച്ചയായും ഞാനല്ലാതെ വേറെ ഒരു ഇലാഹും (ദൈവം) ഇല്ല; അതുകൊണ്ട് എന്നെ നിങ്ങൾ ആരാധിക്കുവിൻ എന്ന സന്ദേശം അറിയിക്കാതെ താങ്കൾക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (21:25).*

## വിഗ്രഹാരാധന

വിഗ്രഹാരാധനയെ കടുത്ത തെറ്റായിട്ടാണ് ബൈബിൾ വിവരിക്കുന്നത്. വിഗ്രഹം ഉണ്ടാക്കുന്നതു പോലും ബൈബിൾ വിരോധിക്കുന്നു.

“ഒരു വിഗ്രഹവും നിനക്കായി ഉണ്ടാക്കരുത്. മുകളിൽ സ്വർഗത്തിൽ ഉള്ളതോ താഴെ ഭൂമിയിൽ ഉള്ളതോ ഭൂമിക്കടിയിൽ വെള്ളത്തിൽ ഉള്ളതോ ആയ യാതൊന്നിന്റെയും ബിംബം ഉണ്ടാക്കരുത്. നീ അവക്ക് മുമ്പിൽ തലകുനിക്കുകയോ അവയെ സേവിക്കുകയോ അരുത്” (പുറപ്പാട് 20:4-5) എന്ന് മോശയോട് ദൈവം അരുൾ ചെയ്തതായി ബൈബിൾ ഉദ്ധരിക്കുന്നു.

ഇനിയും കാണുക: “ദൈവം ഹേറേബിൽ അഗ്നിമധ്യത്തിൽനിന്ന് സംസാരിച്ച ദിവസം നിങ്ങൾ ഒരു രൂപവും കണ്ടില്ലല്ലോ, സൂക്ഷിക്കുക! ആണിന്റെയോ പെണ്ണിന്റെയോ ഛായയുള്ളതോ, ഭൂമിയിലെ ഏതെങ്കിലും മൃഗത്തിന്റെ ഛായയുള്ളതോ, ആകാശചാരികളായ ഏതെങ്കിലും പറവജാതികളുടെ ഛായയുള്ളതോ, നിലത്തിഴയുന്ന ഏതെങ്കിലുമൊന്നിന്റെ ഛായയുള്ളതോ, ഭൂമിക്ക് താഴെ വെള്ളത്തിലുള്ള ഏതെങ്കിലും മത്സ്യത്തിന്റെ ഛായയുള്ളതോ ആയ കൊത്തു രൂപങ്ങളോ പ്രതിമകളോ നിനക്കു വേണ്ടി ഉണ്ടാക്കി ദൂഷിതരാവരുത്” (ആവർത്തനം 4:15-18).

സീനാ പർവതത്തിൽ വെച്ച് മോശയോട് ദൈവം സംസാരിച്ചപ്പോൾ ദൈവത്തിന്റെ രൂപമൊന്നും അദ്ദേഹം കണ്ടില്ല; ശബ്ദം കേൾക്കുക മാത്രമാണുണ്ടായത്. അതാണ് മേൽ വാചകത്തിൽ പരാമർശിച്ചത്. യാതൊന്നിന്റെയും ബിംബം ഉണ്ടാക്കരുതെന്നും അവയെ വണങ്ങരുതെന്നും പറയുന്ന വചനങ്ങൾ ബൈബിളിൽ ഇനിയും ധാരാളമുണ്ട്. ലേവിയർ 26:1,2, ആവർത്തനം 4:23, 5:6-9, 6:14, യെശയ്യാ 44:9-11, യിരമ്യാ 10:11, 25:6 എന്നിവ ഉദാഹരണം.

സൂര്യനെയോ ചന്ദ്രനെയോ മറ്റുപ്രകൃതി ശക്തികളിൽ ഏതെങ്കിലും ഒന്നിനെയോ ആരാധിക്കരുതെന്ന് ആവർത്തന പുസ്തകം 4:19 വചനത്തിൽ കാണാം. വിഗ്രഹാരാധനയെ കുറിച്ച് യെശയ്യാ പ്രവാചകന്റെ വാക്കുകൾ ശ്രദ്ധേയമാണ്. “മരപ്പണിക്കാരൻ തന്റെ കൈകൊണ്ട് മരത്താലുള്ള വിഗ്രഹം കൊത്തിയുണ്ടാക്കുകയും അതിന്റെ ബാക്കി തീകായുകയോ വിറകായി ഉപയോഗിക്കുകയോ ചെയ്യുകയും അതേമരത്തിൽനിന്ന് കൊത്തിയുണ്ടാക്കിയ വിഗ്രഹത്തിന്റെ മുമ്പിൽ കമിഴ്ന്ന് വീണ് ‘എന്നെ രക്ഷിക്കൂ, നീയാണ് എന്റെ ദൈവം’ എന്ന് പറഞ്ഞു പ്രാർഥിക്കുകയും ചെയ്യുന്നു. കത്തിച്ചു ചാരമാക്കിയ മരക്കഷ്ണത്തിന്റെ ബാക്കി ഭാഗത്തിനാണല്ലോ താൻ സാഷ്ടാംഗം നമിക്കുന്നതെന്ന് ഗ്രഹിക്കാൻ പോലും അയാൾക്ക് ബുദ്ധിയില്ലാതെ പോയല്ലോ!” യെശയ്യാ 44-ാം അധ്യായം 12 മുതൽ 20 വചനങ്ങളിൽ ഇത് കാണാം. ഇതേ അർഥത്തിലുള്ള വാക്കുകൾ യെശയ്യ 46:6,7, യിരമ്യാ 10:3-6, ഹോശേയ 8:4-6, ഹബകൂക് 2:18,19 തുടങ്ങിയവയിലും വന്നിട്ടുണ്ട്.

നെബുകദ്നെസ്സർ രാജാവ് നിർമിച്ച വിഗ്രഹത്തിന് സാഷ്ടാംഗം ചെയ്യാനുള്ള രാജകൽപന നിരസിക്കുകയും സത്യദൈവത്തെ മാത്രമേ ഞങ്ങൾ സേവിക്കുകയുള്ളൂ എന്ന് ഉദ്ഘോഷിക്കുകയും ചെയ്ത മൂന്ന് സത്യവിശ്വാസികളെ രാജകൽപനപ്രകാരം കത്തുന്ന തീചൂളയിലേക്ക് വലിച്ചെറിയുകയും അത്ഭുതകരമായി തീയിൽ നിന്ന് അവർ രക്ഷപ്പെട്ട കഥയും ബൈബിൾ വിശദമായി വിവരിക്കുന്നുണ്ട്. ഇതു മൂലം രാജാവിന് മനംമാറ്റം സംഭവിച്ച് അയാളും അത്യുന്നതനായ സത്യദൈവത്തെ ആരാധിക്കാൻ തയാറായി (ദാനിയേൽ 3:1-30).

വിഗ്രഹാരാധകർക്കുള്ള ശിക്ഷയെ സംബന്ധിച്ച് ബൈബിൾ വിശദമായി പ്രതി

പാദിക്കുന്നുണ്ട്. (ആവർത്തനം 4:25-28, യെശയ്യാ 45:16, യിരമ്യാ 9:14-16, 10:14-15, 16:18 ആവർത്തനം 17:2-7). വിഗ്രഹാരാധന കടുത്ത തെറ്റാണെന്നും അത് വർജിക്കണമെന്നും ഇല്ലാത്തപക്ഷം ശിക്ഷ ലഭിക്കുമെന്നും ബൈബിൾ പറയുന്നു. വിഗ്രഹാരാധനയെ സംബന്ധിച്ച് ബൈബിളിൽ ഇനിയും ധാരാളം സ്ഥലങ്ങളിൽ പരാമർശമുണ്ട്. (1 ശമുവേൽ 15:23, സങ്കീർത്തനം 97:7, യിരമ്യാ 8:19, 11:12,13, 16:11,12, എസക്കിയേൽ 14:1-11, 18:6, മീഖാ 5:12-13, സകര്യാ 13:2)



*** *** ***

"സത്യവിശ്വാസികളേ! മദ്യം, ചൂതാട്ടം, വിഗ്രഹങ്ങൾ, പ്രശ്നം വെക്കാനുള്ള ഉപകരണങ്ങൾ എന്നിവ നീചവും പിശാചിന്റെ പ്രവൃത്തിയിൽപ്പെട്ടതും തന്നെയാകുന്നു. അതിനാൽ നിങ്ങൾ വിജയികളാകാൻ വേണ്ടി അവയെ വർജിക്കുക" (ഖുർആൻ 5:90)

## മുഹമ്മദ് നബി

യേശു തനിക്ക് ശേഷം വരാനുള്ള പ്രവാചകനെ കുറിച്ച് പ്രവചിച്ചതായി ബൈബിളിൽനിന്ന് മനസ്സിലാക്കാം. അതുകൊണ്ട് തന്നെ ആ പ്രവാചകനെ അംഗീകരിക്കാനും അനുധാവനം ചെയ്യാനും യേശുവിന്റെ പിൻഗാമികൾ ബാധ്യസ്ഥരുമാണ്.

യേശു തന്റെ ആകാശാരോഹണത്തോടനുബന്ധിച്ച് ശിഷ്യരോട് യാത്രപറയുന്നതിനിടയിൽ ഇങ്ങനെ പറഞ്ഞു: "എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു: ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെ കുറിച്ചും നീതിയെ കുറിച്ചും ന്യായവിധിയെ കുറിച്ചും ലോകത്തിനു ബോധം വരുത്തും." (യോഹ 16:7-8).

"ഇനിയും വളരെ നിങ്ങളോട് പറയാൻ ഉണ്ട്. എന്നാൽ ഇപ്പോൾ നിങ്ങൾക്കത് വഹിക്കാൻ കഴിയില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരാനുള്ള കാര്യങ്ങൾ നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും" (യോഹ 16:12-13)

യേശു മുന്നറിയിപ്പ് നൽകുന്ന സഹായകൻ, കാര്യസ്ഥൻ മുഹമ്മദ് നബിയാണ് എന്നാണ് മനസ്സിലാവുന്നത്. എന്നാൽ കാര്യസ്ഥൻ എന്നത് പരിശുദ്ധാത്മാവാണ് എന്നത്രെ ചില ക്രിസ്ത്യൻ പണ്ഡിതന്മാരുടെ വ്യാഖ്യാനം. അതിന് തെളിവായി ബൈബിളിലെ മറ്റൊരു വചനം എടുത്തുദ്ധരിക്കുകയും ചെയ്യുന്നു. അതിങ്ങനെ വായിക്കാം: "നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കൽപനകൾ പാലിക്കും. ഞാൻ പിതാവിനോട് പ്രാർഥിക്കും. നിങ്ങളോട് കൂടെ എന്നെന്നും ഉണ്ടായിരിക്കേണ്ട

തിന് പിതാവ് മറ്റൊരു സഹായകനെ നിങ്ങൾക്ക് തരും. ലോകത്തിന് ആ സത്യാത്മാവിനെ സ്വീകരിക്കാൻ സാധ്യമല്ല. കാരണം അവനെ ലോകം കാണുകയോ അറിയുകയോ ചെയ്യുന്നില്ല" (യോഹ 14:15-17)

ഫാദർ അലവി തന്റെ *മുഹമ്മദ് നബി ബൈബിളിൽ?* എന്ന പുസ്തകത്തിൽ ബൈബിളിലെ ഈ വചനത്തെ വ്യാഖ്യാനിച്ച് യേശു വാഗ്ദാനം ചെയ്യുന്നത് അദൃശ്യനായ, ജഡികമല്ലാത്ത, അന്ത്യമില്ലാത്ത, പരിശുദ്ധാത്മാവിനെ കുറിച്ചാണെന്നും മുഹമ്മദ് നബിയെ കുറിച്ച് ബൈബിളിൽ പരാമർശമേയില്ലെന്നും എഴുതിയിരിക്കുന്നു. അതിനു കാരണമായി എടുത്തു കാണിക്കുന്നത്, മേൽവചനത്തിൽ ആ സത്യാത്മാവിനെ ലോകം അറിയുകയോ കാണുകയോ ചെയ്യില്ലെന്നും അതിനാൽ ലോകത്തിന് ആ സത്യാത്മാവിനെ സ്വീകരിക്കാൻ സാധ്യമല്ലെന്നും ഉള്ള പരാമർശമാണ്.

എന്നാൽ ബൈബിളിലെ മേൽ വചനത്തെ പിന്നീട് എഴുതിച്ചേർക്കപ്പെട്ടതായോ, അല്ലെങ്കിൽ ബൈബിളിലെ വൈരുധ്യങ്ങളിൽ ഒന്നായോ ആണ് ഒരു നിഷ്പക്ഷമതിക്ക് കാണാൻ കഴിയുക. യോഹന്നാന്റെ സുവിശേഷത്തിലെ പതിനാറാം അധ്യായം 7-8 വചനങ്ങളിൽ 'അവൻ വന്ന് പാപത്തെ കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും' എന്ന് പറയുന്നുണ്ട്. ക്രിസ്ത്യാനികളിൽ മാത്രം വസിക്കുന്ന, ലോകം അറിയുകയോ കാണുകയോ ചെയ്യാത്ത, അദൃശ്യനായ 'പരിശുദ്ധാത്മാവ്' പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തുന്നതെങ്ങനെയാണ്? ലോകത്തിന് ആ സത്യാത്മാവിനെ സ്വീകരിക്കാൻ സാധ്യമല്ലെന്നും, ലോകം അതിനെ കാണുകയോ അറിയുകയോ ചെയ്യില്ലെന്നും ഒരിടത്ത് പറയുന്നു. നീതി, പാപം, ന്യായവിധി എന്നിവയെ കുറിച്ച് അവൻ ലോകത്തിന് ബോധം വരുത്തും എന്ന് മറ്റൊരിടത്തും പറയുന്നു. ഇതിൽ വൈരുധ്യമില്ലേ?

ഇനിയും കാണുക: "പിതാവിൽനിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എനിക്ക് സാക്ഷ്യം വഹിക്കും. നിങ്ങളും സാക്ഷികളാണ്. തുടക്കം മുതൽ നിങ്ങൾ എന്നോടുകൂടെ ഉണ്ടായിരുന്നല്ലോ" (യോഹ 15:26) ഈ വചനത്തിൽ, വരാനിരിക്കുന്ന സത്യാത്മാവ് യേശുവിന് സാക്ഷ്യം വഹിക്കുമെന്ന് പറയുന്നു. യേശുവിൽ വിശ്വസിക്കുന്ന യേശുവിന്റെ ശിഷ്യരും ആ സത്യാത്മാവിനെപോലെ സാക്ഷികളാണ് എന്നതിൽ നിന്ന്, യേശു മുന്നറിയിപ്പ് നൽകിയ സത്യാത്മാവ് പരിശുദ്ധാത്മാവല്ലെന്ന് ബോധ്യമാവും.

അവൻ സ്വയം സംസാരിക്കാതെ, താൻ കേൾക്കുന്നത് സംസാരിക്കുമെന്ന യോഹന്നാൻ 16-ാം അധ്യായത്തിലെ പതിമൂന്നാം വചനത്തിൽ നിന്ന് വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ചാണ് യേശു മുന്നറിയിപ്പ് നൽകിയതെന്ന് മനസ്സിലാകും. യേശു ഉൾപ്പെടെയുള്ള സകല പ്രവാചകന്മാരും സ്വയം സംസാരിക്കാതെ ദൈവത്തിൽനിന്ന് കേൾക്കുന്നത് സംസാരിക്കുന്നവരായിരുന്നു എന്ന് ബൈബിൾ സാക്ഷീകരിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ അവരെപ്പോലെയുള്ള ഒരു പ്രവാചകൻ തന്നെയാണ് വരാനുള്ള സഹായകൻ എന്ന് ചിന്തിക്കുന്നവർക്ക് ബോധ്യമാകും.

പഴയ നിയമത്തിലെ വചനങ്ങളിലും മുഹമ്മദ് നബിയെക്കുറിച്ച് സൂചനയുണ്ട്. "ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ! എന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ, എന്റെ ഉള്ളം അയാളിൽ പ്രസാദിച്ചിരിക്കുന്നു, ഞാൻ എന്റെ ആത്മാവ് അയാളിൽ നിക്ഷേപിച്ചിരിക്കുന്നു, അയാൾ ജനതകളുടെ മേൽ നീതി നടത്തും, അയാൾ ഭൂമിയിൽ നീതി സ്ഥാപിക്കും വരെ പരാജയപ്പെടുകയില്ല; നിരാശപ്പെടുകയുമില്ല. ദ്വീപുകൾ അയാളുടെ നിയമത്തിന് വേണ്ടി കാത്തിരിക്കുന്നു" (യെശയ്യ 42:1-4).

ദൈവം അരുൾ ചെയ്തതായി യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയ വചനങ്ങളാണിത്. ഈ വചനങ്ങളിൽ പരാമർശിക്കുന്നത് യേശുവിനെ സംബന്ധിച്ചാണെന്ന് പറയാറുണ്ട്. എന്നാൽ ഈ വരികൾ ശ്രദ്ധയോടെ വായിക്കുമ്പോൾ അതല്ല ശരി എന്ന് ബോധ്യമാവും. ഭൂമിയിൽ നീതി സ്ഥാപിക്കുംവരെ അയാൾ പരാജയപ്പെടുകയില്ലെന്ന വചനം ശ്രദ്ധേയമാണ്. യേശുവിന് തന്റെ ജീവിത കാലത്ത് അത് സാധ്യമായിരുന്നില്ല. മുഹമ്മദ് നബിയുടെ ജീവിത കാലത്തുതന്നെ അറേബ്യൻ ദ്വീപുകളിൽ പലതും ഇസ്‌ലാമിക രാഷ്ട്രമായി മാറിയിരുന്നു. 'അയാൾ ജനതകളുടെ മേൽ നീതി നടത്തും' എന്ന വരി ശ്രദ്ധേയമാണ്. യേശു ഇസ്രയേല്യരിലേക്ക് മാത്രം നിയോഗിക്കപ്പെട്ടവനായിരുന്നു എന്ന് ബൈബിൾ വ്യക്തമാക്കുന്നു. (മത്തായി 15:24, മർക്കോ 7:24-30). എന്നാൽ മുഹമ്മദ് നബി സർവലോകത്തേക്കും നിയോഗിക്കപ്പെട്ടവനാണെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട് (ഖുർആൻ 34:28, 21:107). അതുകൊണ്ടാണല്ലോ മേൽ വചനത്തിൽ 'ജനതകൾ' എന്ന് ബഹുവചനം ഉപയോഗിച്ചത്.

ഇനിയും കാണുക: "പരിശുദ്ധനായവൻ പാറാൻ പർവതത്തിൽനിന്ന് വരുന്നു, അവന്റെ മഹത്വം ആകാശത്തെ മൂടുന്നു, ഭൂമിയിൽ അവനുള്ള സ്തുതി നിറയുന്നു" (ഹബകൂക് 3:3). "പുരാതനമായവ തന്നെയാണ് അവന്റെ മാർഗങ്ങൾ" (ഹബകൂക് 3:6). യിശ്മായേലും ഹാഗാറും (ഇസ്മാഈൽ നബിയും മാതാവ് ഹാജറയും) പാറാനിൽ താമസിച്ചതായി ഉൽപത്തി 21:21 വചനത്തിൽ കാണാം.

യിശ്മയേൽ ശിശുവായപ്പോൾ ദാഹജലം ലഭിക്കാതെ മരണം സംഭവിച്ചേക്കുമോ എന്നു പോലും ഹാജറ ഭയപ്പെട്ടപ്പോൾ അത്ഭുതകരമായി നീരുറവ ലഭിച്ചത് അവിടെനിന്നാണ്. ഈ സ്ഥലം വിശുദ്ധ മക്കയാണെന്ന് അറിയാത്തവരുണ്ടാവില്ല. അതേ മക്കയിൽനിന്ന് തന്നെയായിരുന്നല്ലോ മുഹമ്മദ് നബിയുടെ ആഗമനവും.

'പാറാനിൽനിന്നുള്ള പരിശുദ്ധൻ' ദൈവമാണെന്നാണ് ചിലരുടെ വാദം. എന്നാൽ ആറാം വചനത്തിൽനിന്ന് അത് ദൈവത്തെക്കുറിച്ചുള്ള പരാമർശമല്ലെന്ന് ഉറപ്പാണ്. 'പുരാതനമായവ തന്നെയാണ് അവന്റെ മാർഗങ്ങൾ' എന്നതിൽനിന്ന് ആദിമുതലേയുള്ള നിയമ വ്യവസ്ഥകളും മതസംഹിതയുമായി പാറാനിൽ (മക്ക) നിന്ന് വരുന്ന പരിശുദ്ധൻ തന്നെയാണെന്ന് ബോധ്യമാവും. കൂടാതെ 'ഭൂമിയിൽ അവനുള്ള സ്തുതി നിറയുന്നു' എന്ന വാക്കിൽ പ്രവാചകന്റെ പേരിനെ കുറിച്ചുള്ള സൂചനയുമുണ്ട്. മുഹമ്മദ് (സ്തുതിക്കപ്പെടുന്നവൻ) എന്ന പ്രവാചകന്റെ പേരു തന്നെ അതിന് മതിയായ തെളിവാണ്.

മുഹമ്മദ് നബിയെ കുറിച്ച് സത്യമായും യേശു മുന്നറിയിപ്പ് നൽകിയിരുന്നു. അതിന് ബൈബിൾ തന്നെ സാക്ഷിയുമാണ്.

*** *** ***

* "മർയമിന്റെ പുത്രൻ ഈസാ പറഞ്ഞ സന്ദർഭം (ഓർക്കുക)! ഇസ്രയേൽ സന്തതികളേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. എന്റെ മുമ്പിലുള്ള തൗറാത്തിനെ ശരിവെച്ചുകൊണ്ടും എനിക്കു ശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെ കുറിച്ച് സന്തോഷവാർത്ത അറിയിച്ചുകൊണ്ടും (ഞാൻ നിയുക്തനായിരിക്കുന്നു). അങ്ങനെ അദ്ദേഹം വ്യക്തമായ ദൃഷ്ടാന്തവുമായി അവരുടെ അടുത്ത് വന്നപ്പോൾ ഇത് വ്യക്തമായ ആഭിചാരം ആണെന്ന് അവർ പറഞ്ഞു" (ഖുർആൻ 61:6). ■